എൻ. ജി. ഓ.—സിനു കെട്ടിട നിർമ്മാണത്തിനുള്ള ലോൺ.

* 837. [8] ശ്രീ. പി. സി. ആദിച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൻ. ജി. ഓ.—സിനു് കെട്ടിടനിർമ്മാണത്തിനു ലോൺ കൊടുക്കുന്ന പദ്ധതി ആരംഭിച്ചിട്ടു് എത്ര വർഷമായി ;

(ബി) ഇതനുസരിച്ചു് 100 രൂപയിൽ താഴെ വരുമാനമുള്ള എൻ. ജി. ഓ.-സു് ഓരോ താലൂക്കിലും എത്ര പേർ ലോണിനപേക്ഷിച്ചു ;

(സി) അതിൽ എത്രപേർക്കു് ലോൺ കൊടുത്തു ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ):

(എ) എൻ. ജി. ഓ. മാക്കു് മാത്രമായി ഒരു ഭവനനിർമ്മാണ വായ്പ പദ്ധതിയില്ല. നിലവിലിരിക്കുന്ന പദ്ധതി എല്ലാ ഗവണ്മെൻറു് ഉദ്യോഗസ്ഥന്മാർക്കും വേണ്ടിയുള്ളതാണു്. ഈ പദ്ധതി ആരംഭിച്ചിട്ടു് ഇപ്പോൾ പത്തു വർഷമായി.

(ബി) വിവരം ശേഖരിച്ചുകൊണ്ടിരിക്കുന്നു.

(സി) വിവരം ശേഖരിച്ചുവരുന്നു.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : ലോൺ കൊടുക്കുന്നതു് ഇപ്പോഴും നിറുത്തിവച്ചിരിക്കുകയാണു്. ലോൺ ഒന്നും രണ്ടും ഇൻസ്റ്റാൾമെൻറു് വാങ്ങി കെട്ടിടം പണി പൂർത്തിയാകാതെ കിടക്കുന്നതിനു് ബാക്കി ലോൺകൂടി കൊടുക്കുന്നതിനു ആലോചിക്കുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ഇടയ്ക്കു പണമില്ലാതിരുന്നതുകൊണ്ടു ലോൺ കൊടുക്കുന്ന ഏർപ്പാടു് ഒന്നു് മന്ദീഭവിച്ചു. ഇപ്പോൾ അതിലേയ്ക്കു പണമുണ്ടെന്നാണു എന്റെ അറിവു്. അതനുസരിച്ചു് അങ്ങനെയുള്ള കെട്ടിടങ്ങൾ പൂർത്തിയാക്കാൻ കഴിയുന്നതാണു്.

ശ്രീ. എൻ. ഗോപാലക്കുറുപ്പു് : കെട്ടിടം പണി ആരംഭിച്ചശേഷം ഒരു ചെറിയ അഡ്വസു്റ്റുമെൻറു എന്നുള്ള നിലയിൽ ഒരു കതകു് മാറ്റിവയ്ക്കുകയോ മറ്റോ ചെയ്താൽ റിവൈസു്ഡു് എസ്റ്റിമേറു് ഉണ്ടാക്കിക്കൊടുക്കാതെ പണം കൊടുക്കുകയില്ലെന്നുള്ളതുകൊണ്ടു് ചെറിയ അഡ്ജസ്റ്റുമെൻറു് വരുത്തിയാൽ റിവൈസു്ഡു് എസ്റ്റിമേറു കൊടുക്കേണ്ട എന്നു തീരുമാനിക്കുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : അതിനെക്കുറിച്ചു് അന്വേഷിക്കാം.

ശ്രീ. പി. ചാക്കോ : ഈ വായ്പ മാനേജ്മെൻറു് സ്കൂളുകളിലെ അദ്ധ്യാപകന്മാർക്കും കൊടുക്കുന്നതിനുള്ള നടപടി എടുക്കുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ: ഇതു ഗവണ്മെൻറുദ്യോഗസ്ഥന്മാർക്കുള്ള സ്കീമാണു്. മറ്റുള്ളവർക്കു വേറെ സ്കീം ഉണ്ടു്.

വ്യവസായ സഹകരണസംഘങ്ങൾ

* 838. [9] ശ്രീ. എം. ഗോപാലൻകുട്ടി നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സ്റ്റേറ്റിൽ മൂന്നാം പഞ്ചവത്സര പദ്ധതിക്കാലത്തു് എത്ര വ്യവസായ സഹകരണസംഘങ്ങൾ (industrial Co-operative Societies) സ്ഥാപിക്കുവാനാണു് ഗവണ്മെൻറുദ്ദേശിച്ചിട്ടുള്ളതു് ;

(ബി) ഇവയിൽ ഇതേവരെ എത്രയെണ്ണം സ്ഥാപിച്ചുകഴിഞ്ഞിട്ടുണ്ടു്; ഓരോ ഡിസ്ട്രിക്ടിലും എത്രയാണു് ;

(സി) ഇവയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുവാൻ എന്തെല്ലാം നടപടികളാണു ഗവണ്മെൻറു സ്വീകരിച്ചിട്ടുള്ളതു് ?

LIBRARY ARCHIVES Kerala Legislative Assembly